"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന 21 ജില്ലാ/സബ് ഓഫീസുകൾ പൂർണ്ണമായും ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി നിലവിൽ പ്രവർത്തിച്ചുവരുന്ന കെട്ടിടങ്ങളിൽ നിന്ന് മാറ്റി സ്ഥാപിക്കുന്നതിന് തത്വത്തിൽ അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.177/2025/TAXES തീയതി,തിരുവനന്തപുരം, 27-02-2025

---

പരാമർശം:- സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 08.01.2025 തീയതിയിലെ SLTY/3802/2023-MOD INFRA1 SL നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ ഓഫീസുകളെല്ലാം ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ മുകൾ നിലകളിൽ പ്രവർത്തിക്കുന്ന വിവിധ ഓഫീസുകൾ താഴത്തെ നിലകളിലേക്ക് മാറ്റിസ്ഥാപിക്കുന്നതാണെന്നും ആയതിനായി സ്ഥലസൗകര്യം ഉറപ്പുവരുത്തുന്നതിനായി പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുമെന്നും 2024-25 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹു. ധനകാര്യ വകുപ്പ് മന്ത്രി പ്രഖ്യാപിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ കീഴിൽ വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന ജില്ലാ ഓഫീസുകൾ, സബ് ഓഫീസുകൾ എന്നിവ മാറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച സമഗ്രമായ പ്രൊപ്പോസൽ പരാമർശത്തിലെ കത്ത് പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

2. കൊല്ലം, കോട്ടയം, പാലക്കാട്, മലപ്പുറം, വയനാട്, കാസർഗോഡ് എന്നീ 6 ജില്ലാ ഭാഗ്യക്കുറി ഓഫീസുകളും ആറ്റിങ്ങൽ, പുനലൂർ, അടൂർ, വൈക്കം, കായംകുളം, അടിമാലി, മൂവാറ്റുപുഴ, ഗുരുവായൂർ, പട്ടാമ്പി, ചിറ്റൂർ, വടകര, താമരശ്ശേരി, മാനന്തവാടി, പയ്യന്നൂർ, കാഞ്ഞങ്ങാട് എന്നീ 15 ഭാഗ്യക്കുറി സബ് ഓഫീസുകളും ഉൾപ്പെടെ മുകൾ നിലയിൽ പ്രവർത്തിക്കുന്ന 21 ഭാഗ്യക്കുറി ഓഫീസുകളാണ് ഒന്നാം ഘട്ടത്തിൽ ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളതെന്ന് സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ അറിയിച്ചിരുന്നു. ഇവയിൽ കൊല്ലം, മലപ്പുറം, വയനാട് ജില്ലാ ഭാഗ്യക്കുറി ഓഫീസുകൾളും അടിമാലി, ഗുരുവായൂർ, ചിറ്റൂർ ഭാഗ്യക്കുറി സബ് ഓഫീസുകളും മാറ്റി സ്ഥാപിക്കുന്നതിന്

അനുയോജ്യമായ കെട്ടിടം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണെന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. ഓഫീസുകൾ മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു ജില്ലാ ഓഫീസ് മാറ്റി സ്ഥാപിക്കുന്നതിന് 50 ലക്ഷം രൂപ നിരക്കിൽ 6 ജില്ലാ ഓഫീസുകൾക്ക് മൂന്ന് കോടി രൂപയും ഒരു സബ് ഓഫീസ് മാറ്റി സ്ഥാപിക്കുന്നതിന് 25 ലക്ഷം രൂപ നിരക്കിൽ, വൈക്കം, പയ്യന്നൂർ സബ് ഓഫീസുകൾ ഒഴികെയുള്ള, 13 സബ് ഓഫീസുകൾക്ക് മൂന്നു കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപയും പയ്യന്നൂർ സബ് ഓഫീസിന് 5,55,000/- രൂപയും അനാവർത്തന ചെലവ് പ്രതീക്ഷിക്കുന്നതായി സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വൈക്കം ഭാഗ്യക്കുറി സബ് ഓഫീസിന്റെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് ലഭിക്കാത്തതിനാൽ അനാവർത്തന ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ ഡയറക്ടർ ലഭ്യമാക്കിയിട്ടില്ല.

4. ആവർത്തന ചെലവിനത്തിൽ കാസർഗോഡ് ജില്ലാ ഭാഗ്യക്കുറി ഓഫീസിന് ₹1,01,716/-, പുനലൂർ ഭാഗ്യക്കുറി സബ് ഓഫീസിന് ₹40,710/-, വൈക്കം ഭാഗ്യക്കുറി സബ് ഓഫീസിന് ₹22,997/-, കായംകുളം ഭാഗ്യക്കുറി സബ് ഓഫീസിന് ₹51,193/-, പട്ടാമ്പി ഭാഗ്യക്കുറി സബ് ഓഫീസിന് ₹1,05,096/-, വടകര ഭാഗ്യക്കുറി സബ് ഓഫീസിന് ₹42,480/-, മാനന്തവാടി ഭാഗ്യക്കുറി സബ് ഓഫീസിന് ₹40,120/- എന്നിങ്ങനെ പ്രതിമാസ വാടകയാകുമെന്ന് സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള മറ്റ് കെട്ടിടങ്ങൾക്ക് പൊതുമരാമത്ത് വകുപ്പിന്റെ റെന്റ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ ഭാഗ്യക്കുറി ഓഫീസുകൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി അനുയോജ്യമായ കെട്ടിടങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിക്കും എന്ന സർക്കാർ നയത്തിന്റെ ഭാഗമായി, ഇതിന്റെ ഒന്നാം ഘട്ടത്തിന്റെ ഭാഗമായി കണ്ടെത്തിയിട്ടുള്ള, 6 ജില്ലാ ഓഫീസുകളും 15 സബ് ഓഫീസുകളും ഉൾപ്പെടെയുള്ള, 21 ഭാഗ്യക്കുറി ഓഫീസുകൾ പരാമർശത്തിലെ ശിപാർശയിൽ വ്യക്തമാക്കിയിട്ടുള്ള കെട്ടിടങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് തത്വത്തിൽ അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഓരോ ഓഫീസുകളും മാറ്റി സ്ഥാപിക്കുന്നതിനുള്ള വിശദമായ ശിപാർശകൾ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ പ്രത്യേകം പ്രത്യേകമായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വന്ദന എസ് കെ എ എസ്
അണ്ടർ സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. നോഡൽ ഓഫീസർ, സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ കാര്യാലയം (വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
3. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
4. കരുതൽ ഫയൽ/ഓഫീസ് കോപ്പി (TAXES-H1/8/2025-TAXES)

ഉത്തരവിൻ പ്രകാരം

Signed by
Kabeer. C. A
Date: 27-02-2025 13:36:02
സെക്ഷൻ ഓഫീസർ